**കേരള സർക്കാർ**

**<u>സർക്കുലർ</u>**

നം.45838/ഐ.എ1/09/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി.11/1/2010.

വിഷയം : - കുടുംബശ്രീ മെമ്പർസെക്രട്ടറി നിയമനം തദ്ദേശസ്വയംഭരണ സമിതി തീരുമാനിക്കുന്ന ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 8/8/2008 ലെ സ.ഉ(സാ) നം.222/08/തസ്വഭവ.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ ബൈലോ പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് / നഗരസഭകളുടെ സ്ഥിരം ജീവനക്കാരിൽ നിന്നോ ഘടകസ്ഥാപനങ്ങളിൽ നിന്നോ ഒരു ഉദ്യോഗസ്ഥനെ(യെ)യോ കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി നിയമിക്കണമെന്ന് അനുശാസിച്ചിട്ടുണ്ട്. ഇപ്രകാരം കുടുംബശ്രീ സിഡിഎസ് മെമ്പർ സെക്രട്ടറിയായി തദ്ദേശസ്വയംഭരണ സമിതി നിയോഗിക്കുന്ന ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം യഥാസമയം വിട്ടുനൽകുന്നതിന് ചില വകുപ്പുകൾ വിമുഖത കാട്ടുന്നതായും, ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ സമിതിയുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാത്തതുമൂലം കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഇത്തരം പ്രവർത്തനങ്ങളെ സർക്കാർ ഗൗരവമായി കാണുന്നു ആയതിനാൽ കുടുംബശ്രീ മെമ്പർ സെക്രട്ടറി സ്ഥാനത്തേയ്ക്ക് ഘടക സ്ഥാപനങ്ങളിലെ

ജീവനക്കാരുടേതുൾപ്പെടെ തദ്ദേശസ്വയംഭരണ സമിതി തീരുമാനിക്കുന്ന ഉദ്യോഗസ്ഥന്റെ സേവനം പ്രസ്തുത ഉദ്യോഗസ്ഥരുടെ തനത് ജോലികൾക്ക് തടസ്സമാകാത്തവിധത്തിൽ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ സർക്കാർ ഗൗരവമായി കാണുന്നതായിരിക്കുമെന്നും സ്ഥാപന മേധാവികൾ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

പി.കൃഷ്ണപിള്ള
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ തിരുവനന്തപുരം.
ഡയറക്ടർ, കൃഷി വകുപ്പ് തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ് തിരുവനന്തപുരം.
ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക്റിലേഷൻസ് വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
എല്ലാ മുനിസിപ്പിൽ ചെയർമാൻ / ചെയർപേഴ്സൺ മാർക്കും.(നഗരകാര്യവകുപ്പ് ഡയറക്ടർ മുഖാന്തിരം.)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം.)
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും (നഗരകാര്യവകുപ്പ് ഡയറക്ടർ മുഖാന്തിരം.)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം.)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ